"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

മത്സ്യബന്ധന തുറമുഖ വകുപ്പ് - കോഴിക്കോട് ജില്ലയിലെ പുനർഗേഹം പദ്ധതിയുമായി ബന്ധപ്പെട്ട് അച്ചടക്ക നടപടിയിൽ നിന്നും ഫിഷറീസ് ജോയിന്റ് ഡയറക്ടർ (ഉത്തരമേഖല) ശ്രീ.സുധീർകിഷൻ.ബി.കെ-യെ ഒഴിവാക്കി ഉത്തരവാകുന്നു.

---

**മത്സ്യബന്ധന തുറമുഖ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.422/2026/F&P തീയതി,തിരുവനന്തപുരം, 30-07-2026

---

പരാമർശം:-

1. ഉത്തരമേഖലാ വിജിലൻസ് ഡെപ്യൂട്ടി കളക്ടറുടെ 24/07/2024-ലെ VGNKKD/46/2023/സി നമ്പർ കത്ത്.
2. കോഴിക്കോട് ജില്ലാ കളക്ടറുടെ 12/09/2024-ലെ DCKKD/9916/2024-S3കത്ത്.
3. 8/11/2024-ലെ DFTVM/3062/2024-J1 (2) പ്രകാരം ശ്രീ.സുധീർകിഷൻ.ബി.കെ-യ്ക്ക് അയച്ച കാരണം കാണിക്കൽ നോട്ടീസ്.
4. ഫിഷറീസ് ഡയറക്ടറുടെ 11-04-2025-ലെ DFTVM/3062/2024-J1 നമ്പർ ഉത്തരവ്.
5. ഫിഷറീസ് അഡീഷണൽ ഡയറക്ടർ & അന്വേഷണ വിചാരണ അധികാരി, ഫിഷറീസ് ഡയറക്ടറേറ്റിന്റെ 27/10/2025-ലെ ലെ DFTVM/1491/2025-G2 നമ്പർ കത്ത് പ്രകാരം ഫിഷറീസ് ഡയറക്ടർക്ക് സമർപ്പിച്ച അന്വേഷണ റിപ്പോർട്ട്.
6. ഫിഷറീസ് ഡയറക്ടറുടെ 23/12/2025-ലെ DFTVM/3062/2024-J1 നമ്പർ കത്ത്.

**ഉത്തരവ്**

കോഴിക്കോട് ജില്ലയിലെ പുനർഗേഹം പദ്ധതിയുമായി ബന്ധപ്പെട്ട് ശ്രീ.ബഷീർ.കെ.കെ സമർപ്പിച്ച പരാതിയിന്മേൽ ഉത്തരമേഖല വിജിലൻസ് ഡെപ്യൂട്ടി കളക്ടർ അന്വേഷണം നടത്തി പരാമർശം (1) പ്രകാരം സമർപ്പിച്ചിട്ടുള്ള അന്വേഷണ റിപ്പോർട്ടിൽ ഫിഷറീസ് ഉദ്യോഗസ്ഥരായ ശ്രീ.സുധീർ കിഷൻ.ബി.കെ, ഫിഷറീസ് ജോയിന്റ് ഡയറക്ടർ (ഉത്തരമേഖല) കോഴിക്കോട്, ശ്രീ.ജയപ്രകാശ്,ഫിഷറീസ് ഓഫീസർ, മത്സ്യഭവൻ കൊയിലാണ്ടി, ശ്രീ.ബാബു എം ഫിഷറീസ് ഓഫീസർ, വടകര, ശ്രീ.പ്രദീപൻ.പി. ജൂനിയർ സൂപ്രണ്ട്, ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം, കോഴിക്കോട്, ശ്രീമതി. ദിൽന.സി.എസ്, ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ എന്നിവർക്കെതിരെ ഉചിതമായ അച്ചടക്ക നടപടികൾ

സ്വീകരിക്കുവാൻ ശിപാർശ ചെയ്തിരുന്നു.

2. ഫിഷറീസ് വകുപ്പിലെ ഉദ്യോഗസ്ഥരായ ശ്രീ. സുധീർ കിഷൻ ബി.കെ, ഫിഷറീസ് ജോയിന്റ് ഡയറക്ടർ (ഉത്തര മേഖല) കോഴിക്കോട് ,ശ്രീ .ജയപ്രകാശ്, ഫിഷറീസ് ഓഫീസർ, മത്സ്യ ഭവൻ, കൊയിലാണ്ടി, ശ്രീ.ബാബു എം. ഫിഷറീസ് ഓഫീസർ, മത്സ്യ ഭവൻ, വടകര, ശ്രീ പ്രദീപൻ പി, ജൂനിയർ സൂപ്രണ്ട് ഫിഷറീസ് ജോയിന്റ് ഡയറക്ടറുടെ (ഉത്തര മേഖല ) കാര്യാലയം, കോഴിക്കോട് ശ്രീമതി.ദിൽന ഡി.എസ്. ഫിഷറീസ് എക്സ്റ്റൻഷൻ ഓഫിസർ, മത്സ്യ ഭവൻ വടകര എന്നിവർക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകുകയുണ്ടായി. ആയതിനുള്ള വിശദീകരണം പ്രസ്തുത ഉദ്യോഗസ്ഥർ സമർപ്പിക്കുകയുണ്ടായി. തുടർന്ന് പരാമർശം (4) പ്രകാരം ഔപചാരിക അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിലേക്കായി ശ്രീമതി.സ്മിത ആർ.നായർ, ഫിഷറീസ് അഡീഷണൽ ഡയറക്ടറെ അന്വേഷണ വിചാരണ അധികാരിയായി നിയമിക്കുകയും ചെയ്തു.

3. സർക്കാരിന്റെ അഭിമാനപദ്ധതിയായ പുനർഗേഹം പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും എത്രയും വേഗം കടലാക്രമണ ഭീഷണിയിൽ കടൽ തീരത്ത് കഴിയുന്ന 14 കുടുംബങ്ങളെ മാറ്റി പാർപ്പിക്കുന്നതിനും വേണ്ടി പദ്ധതിയുടെ എല്ലാ മാനദണ്ഡങ്ങളും പാലിച്ച് നടപ്പിലാക്കിയപ്പോൾ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിൽ വന്ന ചില പാകപ്പിഴകൾ ക്ഷമിച്ച് പണാപഹരണമോ, അഴിമതിയോ ഇല്ലാത്ത സാഹചര്യത്തിൽ മേലിൽ ഇത്തരം നടപടി വീഴ്ചകൾ ഉണ്ടാകരുതെന്ന് താക്കീത് നൽകി ഫിഷറീസ് ഉദ്യോഗസ്ഥരായ ശ്രീ.സുധീർകിഷൻ ബി.കെ, ശ്രീ.ജയപ്രകാശ്, ശ്രീ.ബാബു, ശ്രീ.പ്രദീപൻ, ശ്രീമതി. ദിൽന എന്നിവർക്കെതിരെ ദക്ഷിണ മേഖല ഡെപ്യൂട്ടി കളക്ടർ വിജിലൻസ് ശുപാർശ ചെയ്തിട്ടുള്ള അച്ചടക്ക നടപടിയിൽ നിന്നും ഒഴിവാക്കാവുന്നതാണെന്ന് അന്വേഷണ വിചാരണ അധികാരി പരാമർശം(5) പ്രകാരം റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി..

4. സർക്കാർ ഇക്കാര്യം വിശദമായി പരിശാധിച്ചു. അന്വേഷണ വിചാരണ അധികാരിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ , ഫിഷറീസ് ജോയിന്റ് ഡയറക്ടർ (ഉത്തരമേഖല) ശ്രീ.സുധീർകിഷൻ.ബി.കെ-യെ കോഴിക്കോട് ജില്ലയിലെ പുനർഗേഹം പദ്ധതിയുമായി ബന്ധപ്പെട്ട അച്ചടക്ക നടപടിയിൽ നിന്നും ഒഴിവാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
PREEJA S S
അണ്ടർ സെക്രട്ടറി

ഫിഷറീസ് ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ കളക്ടർ,കോഴിക്കോട് .
ശ്രീ.സുധീർകിഷൻ.ബി.കെ, ഫിഷറീസ് ജോയിന്റ് ഡയറക്ടർ (ഫിഷറീസ് ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
കരുതൽ ശേഖരം (എ2/26/2026-മ.തു.വ)

ഉത്തരവിൻ പ്രകാരം
Digitally signed by
Aswathy M L
Date: 30-07-2026
17:05:51
സെക്ഷൻ ഓഫീസർ